**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **30.01.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 1510**

**കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനം**

**ചോദ്യം** **ഉത്തരം**

| | | | |
|---|---|---|---|
| | **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം പൊഴിയുടെ അഴിമുഖത്ത് കഴിഞ്ഞ 3 വർഷ കാലയളവിൽ 18/07/15, 03/07/17 തീയതികളിൽ അപകടം നടന്നിട്ടുണ്ട്. |
| (ബി) | ഹാർബറിലെ ബ്രേക്ക് വാട്ടർ സംവിധാനം തകർന്ന് പാറകൾ കടലിൽ ചിതറി കിടക്കുന്നത് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദാംശം നല്കുമോ; | (ബി) | കായംകുളം ഫിഷറീസ് ഹാർബറിലെ തെക്കെ പുലിമുട്ടിന്റെ അഗ്രഭാഗത്ത് ഏകദേശം 50 മീറ്റർ നീളത്തിൽ, ശക്തമായ കടലാക്രമണംമൂലം പുലിമുട്ട് തകർന്ന് കല്ലുകൾ കടലിൽ ചിതറി കിടപ്പുണ്ട്. ഈ ഭാഗം പുനരുദ്ധരിക്കുന്നതിനായി 780 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് കിഫ്ബി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിനുപുറമേ നബാർഡ് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിലേയ്ക്ക് ബ്രേക്ക്‌വാട്ടർ റിപ്ലനിഷ്മെന്റ് പ്രവൃത്തി ഉൾപ്പെടെ കായംകുളം ഫിഷറി ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. |
| (സി) | വാർഫിന്റെ നീളം വർദ്ധിപ്പിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | ഹാർബറിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ നബാർഡ് XXIV-ൽ (സ്പെഷ്യൽ പാക്കേജ്) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി തയ്യാറാക്കി വരുന്നു. ഇതിൽ പുലിമുട്ടുകളുടെ പുനരുദ്ധാരണവും, വാർഫ്, ലേലപ്പുര എന്നിവയുടെ നീളം വർദ്ധിപ്പിക്കുന്നതിനും, പാർക്കിംഗ് ഏരിയയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിഷ്‌ലോഡിംഗ് ഏരിയ, പായ്ക്കിംഗ് സെന്റർ, ഷോപ്പുകൾ, ലോക്കർ മുറികൾ ഇലക്ട്രിഫിക്കേഷൻ എന്നിവയും രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ